**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്

ഇ-മെയിൽ: lsgdddepartment@gmail.com

ഫോൺ:0471-2517013

നമ്പർ.ഡി.ഡി.2/205/2020/ത.സ്വ.ഭ.വ 22/10/2020,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

മിഷൻ ഡയറക്ടർ(MGNREGS),തിരുവനന്തപുരം

മാഡം,

വിഷയം:- ത.സ്വ.ഭ.വ-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 65 വയസ്സിന് മുകളിൽ പ്രായമുള്ള തൊഴിലാളികൾക്ക് തൊഴിലെടുക്കുന്നതിന് ഏർപ്പെടുത്തിയ വിലക്ക് പിൻവലിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 18.06.2020-ലെ 2165/ഇ.ജി.എസ്.സി./17/ ആർ.ഇ.ജി.എസ് നമ്പർ ഉത്തരവ് പ്രകാരം എല്ലാ ജില്ലാ തല ഉദ്യോഗസ്ഥർക്കും നൽകിയ നിർദ്ദേശം

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം 65 വയസ്സിന് മുകളിൽ പ്രായമുള്ള തൊഴിലാളികൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ തൊഴിലെടുക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു. **എന്നാൽ 75 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള വിലക്ക് തുടരേണ്ടതാണ്**. ഇതു സംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകണമെന്ന് താൽപര്യപ്പെടുന്നു. വിഷയം ഒരു മാസം കഴിഞ്ഞ് പുനഃപരിശോധിക്കേണ്ടതുള്ളതിനാൽ പ്രസ്തുത നിർദ്ദേശത്തിന്റെ ഫീൽഡ് തല സ്വാധീനം സംബന്ധിച്ച വിലയിരുത്തൽ ഒരു മാസത്തിനുള്ളിൽ സർക്കാരിൽ സമർപ്പിക്കേണ്ടതാണ് എന്ന് കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**JAYASREE P N**

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signature valid

Digitally signed by NISAM N
Date: 2020.10.22 16:21:47 IST
Reason: Approved

സെക്ഷൻ ഓഫീസർ.